ശാലിനി വി. എസ് നായർ

'മേരി പോപ്പിൻസ്' എന്ന പ്രശസ്ത കഥാപാത്രത്തെ പറ്റി കേട്ടിട്ടുണ്ടോ? ബാലസാഹിത്യത്തിലെ ഈ പ്രമുഖ കഥാപാത്രം വായനക്കാരുടെ മനസ്സിലേക്ക് പറന്നു വന്നിറങ്ങുന്നത് ഒരു കുടയിൽ തൂങ്ങിയാണ്. കുടകളുടെ കൗതുകമുണർത്തുന്ന കാര്യങ്ങൾ വായിച്ചോളൂ....



# കുടകളുടെ കൗതുകലോകം

'ശീലക്കുടകൾ' എന്നറിയപ്പെട്ടിരുന്ന തുണി കൊണ്ടുള്ള കുടകൾ പ്രചാരത്തിലാകും മുൻപ് നമ്മുടെ പൂർവ്വികർ തൊപ്പിക്കുട, ഓലക്കുട, മുത്തുക്കുട എന്നിങ്ങനെ പല തരത്തിലുള്ള കുടകൾ ഉപയോഗിച്ചിരുന്നു. 'അൽപ്പന് അർത്ഥം കിട്ടിയാൽ അർധരാത്രിയിലും കുട പിടിക്കും' എന്ന പഴമൊഴി കേട്ടിട്ടില്ലേ? അതെ, കുറെയേറെ നാളുകൾക്കു മുമ്പ് കുട ആഢ്യത്വത്തിന്റെ ചിഹ്നമായിരുന്നു.

പണക്കാർ മഴയത്തും വെയിലത്തും ശീലക്കുട ചൂടിയപ്പോൾ സാധാരണക്കാർ മഴയത്ത് ആശ്രയിച്ചിരുന്നത് ചേമ്പിലയോ വാഴയിലയോ തേക്കിലയോ ആയിരുന്നു. കൃഷിപ്പണിയിലേർപ്പെട്ടിരിക്കുന്നവർക്ക് 'തൊപ്പിക്കുട' ഒഴിച്ചു കൂടാനാവാത്തതായിരുന്നു.

തല മാത്രം നനയാതെ സംരക്ഷിക്കുന്ന പാളത്തൊപ്പികൾക്ക് പകരം പരന്നതും ദേഹം നനയാതെ സംരക്ഷിക്കുന്നവയുമാണ് തൊപ്പിക്കുടകൾ. ചെത്തി മിനുക്കി പാകപ്പെടുത്തിയ മുളക്കമ്പുകളിൽ കുടപ്പനകളിൽ നിന്നും ഓലപ്പനകളിൽ നിന്നും വെട്ടിയെടുത്ത് ഉണക്കിയ ഓല പൊതിഞ്ഞു കെട്ടിയാണ് തൊപ്പിക്കുടകൾ നിർമ്മിച്ചിരുന്നത്. പണ്ട് പാടത്ത് ഞാറു പറിക്കാനും കൊയ്യാനും ഇറങ്ങുന്ന കർഷകർ തൊപ്പിക്കുടകൾ ഉപയോഗിച്ചപ്പോൾ

വിക്കിലീക്സ് സ്ഥാപകൻ ആര്– ജൂലിയൻ അസാൻജ്



കർഷകസ്ത്രീകൾ ‘കുണ്ടു കുട’ എന്ന കുണ്ടൻ കുടകളാണ് ഉപയോഗിച്ചിരുന്നത്.

ഓണനാളിൽ ഓലക്കുടയും ചൂടിയാണ് മാവേലിത്തമ്പുരാൻ നാടു കാണാനിറങ്ങുന്നതെന്നാണ് ഐതിഹ്യം. അന്തർജനങ്ങൾ മറക്കുട ചൂടി മാത്രമേ പുറത്തിറങ്ങാവൂ എന്ന ആചാരം നമ്മുടെ കേരളത്തിലുണ്ടായിരുന്നു. ബ്രാഹ്മണ സ്ത്രീകളുടെ ദുരിത ജീവിതം വെളിപ്പെടുത്തിയ പ്രശസ്ത നാടകമാണ് ‘മറക്കുടയ്ക്കുള്ളിലെ മഹാനരകം’.

ആരാധനാലയങ്ങളിലും മറ്റുമുള്ള വിശേഷാവസരങ്ങളിലാണ് അലങ്കരിച്ച മുത്തുക്കുടകൾ ഉപയോഗിക്കാറുള്ളത്. തൃശ്ശൂർ പൂരത്തിൽ നടക്കുന്ന ‘കുടമാറ്റം’ ഇന്നും കാണികളുടെ മനം കവരാറുണ്ട്.

മുമ്പ് അപൂർവ്വമായിരുന്ന ശീലക്കുടകൾ പിൽക്കാലത്ത് സർവ്വസാധാരണമായി. ഊന്നുവടി പോലെ കുത്തി നടക്കാവുന്ന ‘കാലൻ കുടകൾ’ മുതിർന്നവരുടെ സന്തത സഹചാരികളായി. മുമ്പ് കറുത്ത നിറമുള്ള കുടകളായിരുന്നു സർവ്വ സാധാരണമായിരുന്നത്. എന്നാൽ പിന്നീട് വിവിധ വർണ്ണങ്ങളിലുള്ള കുടകൾ വിപണിയിലെത്തി. ഞെക്കിയാൽ തുറക്കുന്നവ, പീപ്പിയുള്ളവ, ഫാനുള്ളവ, വെള്ളം ചീറ്റുന്നവ,



## പേരിന്റെ പിന്നിൽ

സംസ്കൃതത്തിൽ കുട അറിയപ്പെടുന്നത് ‘ഛത്രം’ എന്നാണ്. വിദ്യ അഭ്യസിക്കാനായി ഓലക്കുടകളും ചൂടി ഗുരുകുലങ്ങളിലേക്ക് പോയിരുന്ന വിദ്യാർത്ഥികൾക്ക് ‘ഛാത്ര്’ എന്ന വിളിപ്പേരുണ്ടായി. രാജമുദ്രയുള്ള ‘കൊറ്റക്കുടകൾ’ അധികാരത്തിന്റെ പ്രതീകമായി രാജാക്കന്മാരുടെ സിംഹാസനത്തിലും രഥത്തിനു മുകളിലും ഘടിപ്പിച്ചിരുന്നു. അതിനാൽ രാജാക്കന്മാർക്ക് ‘ഛത്രപതി’ എന്ന വിളിപ്പേര് ലഭിച്ചു.

ഇംഗ്ലീഷിൽ കുടക്ക് ‘അംബ്രല്ല’ എന്ന പേര് കിട്ടിയത് ‘അംബ്രോസ്’ എന്ന ലാറ്റിൻ വാക്കിൽ നിന്നാണ്. ‘നിഴൽ’, ‘തണൽ’ എന്നെല്ലാമാണ് ‘അംബ്രോസ്’ എന്ന വാക്കിന്റെ അർത്ഥം.



അൾട്രാ വയലറ്റ് രശ്മികളെ പ്രതിരോധിക്കുന്നവ എന്നിങ്ങനെ പല വിധ കുടകൾ ഇക്കാലത്ത് ലഭ്യമാണ്.

## ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം

അനേകായിരം വർഷങ്ങൾക്കു മുൻപ് തന്നെ ഏഷ്യയിലെ ധാരാളം ഭരണാധികാരികൾ വിവിധ തരം കുടകൾ ഉപയോഗിച്ചിരുന്നു. പ്രത്യേകതരം കുടകളിലൂടെ തങ്ങളുടെ അധികാരത്തിന്റെ മഹത്വം പ്രദർശിപ്പിക്കുക എന്ന ഉദ്ദേശ്യം കൂടി ആ ഭരണകർത്താക്കൾക്ക് ഉണ്ടായിരുന്നു. 3000 വർഷങ്ങൾക്കു മുൻപ് തന്നെ പ്രാചീന ഈജിപ്തുകാർ കുടകൾ ഉപയോഗിച്ചിരുന്നു. ചൈനക്കാർ കുടകൾ ഉപയോഗിക്കാൻ തുടങ്ങിയിട്ട് രണ്ടായിരം വർഷത്തിലേറെയായി. ആദ്യ കാലങ്ങളിൽ അവർ കുടകളിൽ പട്ടുതുണികളാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ കടലാസ് കണ്ടുപിടിച്ചതോടെ കുട നിർമ്മാണത്തിനും കടലാസ് ഉപയോഗിക്കാൻ തുടങ്ങി. പലവിധ ചിത്രപ്പണികൾ ചെയ്ത,

ഇന്ത്യയിലെ ആദ്യത്തെ പതിനാലുവരി പാത – ഡൽഹി–മീററ്റ് എക്സ്പ്രസ് വേ



## കുട വിശേഷങ്ങൾ

സാധാരണയായി കുടക്കമ്പികളുടെ എണ്ണം ഇരട്ടസംഖ്യകളിലായിരിക്കും. കാരണം വൃത്താതിയെ കൃത്യമായി ഭാഗിക്കാൻ ഇരട്ടസംഖ്യകൾക്കു മാത്രമേ കഴിയൂ.

1800-കളിൽ കുട നിർമ്മാണത്തിനായി തിമിംഗലങ്ങളുടെ അസ്ഥികൾ ഉപയോഗിച്ചിരുന്നു.

1852-ൽ സാമുവൽ ഫോക്സ് എന്ന വ്യക്തിയാണ് സ്റ്റീലുകൊണ്ടുള്ള കുടക്കമ്പികൾ ഉപയോഗിച്ചത്.

1969- ൽ ബ്രാഡ്ഫോർഡ് ഫിലിപ്സ് എന്നയാൾ ആദ്യമായി പോക്കറ്റിൽ വയ്ക്കാവുന്ന വിധത്തിൽ മടക്കി ചെറുതാക്കാവുന്ന കുടകൾ വിജയകരമായി അവതരിപ്പിച്ചു.

ലോകത്ത് ഏറ്റവും കൂടുതൽ മോഡേൺ കുടകൾ നിർമ്മിക്കുന്നത് ചൈനയാണ്. ചൈനയിലെ 'ഷാൻഗ്യു' എന്ന പട്ടണത്തിൽ മാത്രം ആയിരത്തിലേറെ കുട നിർമ്മാണ ഫാക്ടറികളുണ്ട്.

ചെലവ് കുറഞ്ഞ, വെയിലത്തു മാത്രം ഉപയോഗിക്കാവുന്ന കടലാസ് കുടകൾ അധികം വൈകാതെ സർവ്വസാധാരണമായി. പതിനൊന്നാം നൂറ്റാണ്ടിലാണ് ചൈനക്കാർ മഴയത്തും ചൂടാനാകുന്ന കുടകൾ ഉപയോഗിക്കാൻ തുടങ്ങിയത്.

ആദ്യകാലങ്ങളിൽ ഇംഗ്ലണ്ടിലും മറ്റും സമ്പന്നരായ സ്ത്രീകളുടെ അലങ്കാര വസ്തുക്കളുടെ ഗണത്തിലാണ് കുടകൾ ഉൾപ്പെട്ടിരുന്നത്. ചിത്രപ്പണികൾ ചെയ്ത മനോഹരമായ കുടകൾ ചൂടിയ സ്ത്രീകളെ അന്നത്തെ സമൂഹം വളരെയേറെ ബഹുമാനിച്ചിരുന്നു. അക്കാലത്ത് പുരുഷന്മാർ കുടകൾ ഉപയോഗിച്ചിരുന്നില്ല. എന്നാൽ 1750-ൽ 'ജോനസ് ഹാൻവേ' എന്ന ഇംഗ്ലീഷുകാരൻ കുട ഉപയോഗിച്ചതോടെ മറ്റ് പുരുഷന്മാരും കുടകൾ ചൂടാൻ തുടങ്ങി.



ഉത്തര കൊറിയ- ദക്ഷിണ കൊറിയ ഉച്ചകോടിക്ക് വേദിയായ ഗ്രാമം- പാൻമുൻജോം